**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 507** **13-10-2026-ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിലെ ഏകജാലക സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** വ്യവസായ വകുപ്പിൽ ഏകജാലകം വഴി നിലവിൽ സംരംഭക അപേക്ഷകൾ ലഭിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

**മറുപടി:**

ഉണ്ട്. വ്യവസായ പ്രദേശങ്ങൾക്ക് പുറത്തുള്ള ₹15 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകളും, ₹15 കോടിക്ക് മുകളിലുള്ള സംരംഭങ്ങൾക്ക് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡും മുഖേന ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നു. വിജ്ഞാപിത വ്യവസായ പ്രദേശങ്ങളിലെ സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികൾ വ്യവസായ പ്രദേശ ബോർഡുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നു. കൂടാതെ, കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ 22 വകുപ്പുകളിലെ 120 - ലധികം സേവനങ്ങൾ ലഭ്യമാണ്. ഏകജാലകമായി അപേക്ഷയും ഫീസ് അടയ്ക്കലും, അപേക്ഷയുടെ തത്സമയ പുരോഗതി നിരീക്ഷണവും, സമയബന്ധിതമായി നടപടി ഉണ്ടായില്ലെങ്കിൽ കൽപ്പിത അനുമതിയും ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് സംവിധാനം അനുമതി നടപടികൾ ലളിതവും സുതാര്യവും വേഗത്തിലുമാക്കുന്നു.

**(ബി)** ഏകജാലകം വഴി അപേക്ഷകൾ നൽകുമ്പോൾ സംരംഭകന് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വ്യവസായ വകുപ്പിൽ സംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** നിക്ഷേപകർക്ക് ഏകോപിതവും സമയബന്ധിതവുമായ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി 'ഇൻവെസ്റ്റ് കേരളം സെൽ' കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ പ്രവർത്തനക്ഷമമാക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 'സരൾ കേരളം' എന്ന ഏക നിയമാധിഷ്ഠിത അതോറിറ്റിയിലൂടെ 'ഒരു സംസ്ഥാനം – ഒരു അനുമതി –ഒരു രേഖ' സംവിധാനം നടപ്പാക്കുന്നതിനും വിദേശ നിക്ഷേപങ്ങളും പ്രവാസി മലയാളികളുടെ നിക്ഷേപ പങ്കാളിത്തവും വർധിപ്പിക്കുന്നതിനായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നിവിടങ്ങളിൽ 'കേരള ഡെസ്കുകൾ' സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്..

**സെക്ഷൻ ഓഫീസർ**